## അധ്യായം 94
# അശ്ശർഹ്
അവതരണം മക്കയിൽ, വചനങ്ങൾ 8

**അധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്നബിയുടെ മക്കാജീവിതത്തിൻെറ ആദ്യഘട്ടത്തിലാണ് ഈ അധ്യായം അവതരിച്ചത്. പ്രവാചകത്വത്തിൻെറ ആദ്യനാളുകളിൽ ഏറെ പ്രയാസം നിറഞ്ഞ സാഹചര്യമാണ് ഉണ്ടായിരുന്നത്. മുമ്പൊന്നും അഭിമുഖീകരിച്ചിട്ടില്ലാത്ത വിധത്തിലുള്ള പ്രയാസങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. ജനത്തിൻെറ പ്രതികരണം ഇത്രമേൽ ദുഷ്കരമാകുമെന്ന് അദ്ദേഹം കരുതിയിരിക്കില്ല. തന്നെ തുണക്കുമെന്ന് അദ്ദേഹം കരുതിയിരുന്ന സ്വന്തം കുടുംബങ്ങൾ പോലും അദ്ദേഹത്തെ എതിർത്തു. പലവിധത്തിലും അവർ അദ്ദേഹത്തിനു മുമ്പിൽ പ്രതിബന്ധങ്ങൾ വലിച്ചിട്ടു. ഇത് അദ്ദേഹത്തെ മാനസികമായി ഏറെ തളർത്തി. അത്തരം ഘട്ടത്തിലാണ് അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിച്ചത്.

ഈ ആശ്വാസവചനങ്ങളിൽ പ്രധാനമായും പറയുന്ന കാര്യങ്ങൾ ഇവയാണ്: വിശ്വാസത്തിന് വേണ്ടി താങ്കളുടെ ഹൃദയത്തെ അല്ലാഹു വിശാലമാക്കിത്തന്നു അനുഗ്രഹിച്ചിരിക്കുന്നു. അതാകട്ടെ, അദ്ദേഹത്തിന് ശത്രുക്കളുടെ എല്ലാ എതിർപ്പുകളെയും തരണം ചെയ്യാനും പ്രവർത്തനത്തിൽ ഉറച്ചുനില്ക്കാനുമുള്ള കഴിവ് ധാരാളം നല്കുകയുണ്ടായി. അതോടൊപ്പം ജീവിതത്തെ വല്ലാതെ ഞെരിച്ചിരുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് മോചിപ്പിച്ചിരിക്കുന്നു. ലോകം എക്കാലവും ആദരിക്കുവോളം താങ്കളുടെ സൽകീർത്തി ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു. അതൊരിക്കലും ഇല്ലാതെയാവുകയില്ല.

അതോടൊപ്പം ഒരു കാര്യം അദ്ദേഹത്തോട് പ്രത്യേകം പറയുന്നു: ഈ പ്രയാസങ്ങൾക്കു ശേഷം സന്തോഷകരമായ അവസ്ഥ വരാനിരിക്കുന്നു. അതിനാൽ ഇപ്പോഴത്തെ പ്രയാസങ്ങളെ തരണം ചെയ്യുവാൻ താങ്കൾ കർമങ്ങളിൽനിന്ന് ഒഴിവായാൽ ആരാധനകളിൽ മുഴുകുക. അതുവഴി തൻെറ നാഥനിലേക്ക് കൂടുതൽ കൂടുതൽ അടുക്കുകയും എല്ലാ പ്രതീക്ഷകളും അവനിൽ അർപ്പിക്കുകയും ചെയ്യുക എന്നു കൂടി അദ്ദേഹത്തോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

**അർഥം:**

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | |
|---|---|
| أَلَمْ نَشْرَحْ | അലം നശ്റഹ് - *നാം വിശാലമാക്കിത്തന്നില്ലേ?* |
| لَكَ | ലക - *നിനക്ക്* |
| صَدْرَكَ(١) | സ്വദ്റക - *നിൻെറ മാറിടത്തെ* |
| وَوَضَعْنَا | വവദഅ്നാ - *നാം ഇറക്കിവെക്കുകയും ചെയ്തു.* |
| عَنْكَ | അൻക - *നിന്നിൽനിന്ന്* |
| وِزْرَكَ(٢) | വിസ്റക - *നിൻെറ ഭാരം* |

| | |
|---|---|
| الَّذِي أَنْقَضَ | അല്ലദീ അൻകദ - *ഞെരിച്ചിരുന്ന* |
| ظَهْرَكَ(٣) | ളഹ്റക - *നിൻെറ മുതുകിനെ* |
| وَرَفَعْنَا | വറഫഅ്നാ – *നാം ഉയർത്തുകയും ചെയ്തു* |
| لَكَ | ലക - *നിനക്ക്* |
| ذِكْرَكَ(٤) | ദിക്റക - *നിൻെറ പ്രശസ്തി* |
| فَإِنَّ | ഫഇന്ന - *അതിനാൽ തീർച്ചയായും* |
| مَعَ الْعُسْرِ | മഅൽ ഉസ്രി - *പ്രയാസത്തോടൊപ്പമാണ്* |
| يُسْرًا(٥) | യുസ്റൻ - *എളുപ്പം* |
| إِنَّ | ഇന്ന – *നിശ്ചയം* |
| مَعَ الْعُسْرِ | മഅൽ ഉസ്രി - *പ്രയാസത്തോടൊപ്പമാണ്* |
| يُسْرًا(٦) | യുസ്റൻ - *എളുപ്പം* |
| فَإِذَا فَرَغْتَ | ഫഇദാ ഫറഅ്ത - *അതിനാൽ നീ വിരമിച്ചാൽ* |
| فَانْصَبْ(٧) | ഫൻസ്വബ് - *അപ്പോൾ നീ ആരാധനയിൽ നിരതനാകുക* |
| وَإِلَى رَبِّكَ | വഇലാ റബ്ബിക – *നിൻെറ നാഥനിലേക്ക്* |
| فَارْغَبْ(٨) | ഫർഗബ് - *പ്രതീക്ഷ പുലർത്തുകയും ചെയ്യുക.* |

വചന വിശകലനം:

أَلَمْ نَشْرَحْ لَكَ صَدْرَكَ(١) *അലം നശ്റഹ് ലക സ്വദ്റക്*

*നിനക്ക് നാം നിൻെറ മാറിടത്തെ വിശാലമാക്കിത്തന്നില്ലേയോ?*

പല ഖുർആൻ വ്യാഖ്യാതാക്കളും ഈ വചനത്തെ പ്രവാചകൻെറ മാറിടം പിളർന്ന സംഭവത്തെയാണ് സൂചിപ്പിക്കുന്നതെന്ന അഭിപ്രായക്കാരാണ്. പ്രവാചകൻെറ കുട്ടിക്കാലത്താണ് ഈ സംഭവം നടന്നത്. അദ്ദേഹം കൂട്ടുകാരോടൊപ്പം ആടിനെ മേച്ചുകൊണ്ടിരിക്കെ ശുഭ്രവസ്ത്ര ധാരിയായ ഒരാൾ വരികയും ബാലനായ മുഹമ്മദിനെ പിടിച്ച് മാറിടം കീറിമുറിച്ച് അതിൽനിന്ന് കുറേ ചീത്ത സാധനങ്ങൾ നീക്കം ചെയ്തു പഴയ പടി നെഞ്ച് കൂട്ടിച്ചേർക്കുകയും ചെയ്തു. ഇത് അദ്ദേഹത്തെ പിൽക്കാലത്ത് വരാനിരിക്കുന്ന ഒരു മഹാ ദൗത്യത്തിന് മാനസികമായി തയാർ ചെയ്ത

താകണം. ഇത് അദ്ദേഹത്തിൻെറ ജീവിതത്തിലെ അമാനുഷികമായ ഒരു കാര്യമായിരുന്നു.

ശർഹ് എന്ന പദം വിശാലം എന്ന അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ഇവിടെ മാറിടം (സ്വദ്ർ) വിശാലമാക്കുകയെന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ഈ ആശയത്തിൽ ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഇതിൻെറ ആശയത്തെ പൂർണമായി മനസ്സിലാക്കുവാൻ സന്ദർഭം കൂടി മുമ്പിൽ ഉണ്ടാകേണ്ടതുണ്ട്.

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ പ്രവാചകൻ മുഹമ്മദ് മക്കയിൽ തൻെറ ദൗത്യം ആരംഭിച്ചതോടെ അദ്ദേഹത്തിനെതിരെ സമൂഹത്തിൻെറ അക്രമ-പ്രതിരോധ പ്രവർത്തനങ്ങളും പൂർവാധികം ശക്തിയോടെ ആരംഭിച്ചിരുന്നു. ഇത് അദ്ദേഹത്തെ നിരാശനും ദുഃഖിതനുമാക്കി. മാനസികമായി അദ്ദേഹം ഏറെ പീഡയനുഭവിച്ച കാലമായിരുന്നു അത്. എന്നാൽ അദ്ദേഹത്തിൻെറ മാറിടത്തെ വിശാലമാക്കിയതിലൂടെ എതിർപ്പുകളെ നേരിടുവാനും സഹിക്കുവാനുമുള്ള ധൈര്യവും സ്ഥൈര്യവും അദ്ദേഹത്തിന് പൂർവാധികം ലഭിക്കുകയുണ്ടായി.

പ്രവാചകത്വം എന്നത് ഏറെ പ്രയാസങ്ങൾ അനുഭവിച്ചു ചെയ്യേണ്ട ഉത്തരവാദിത്തങ്ങളാണ്. വ്യക്തിയെന്നതിലുപരി ദൈവികമായ പ്രത്യേക കാരുണ്യവും സഹായവുമില്ലാതെ ആ ഉത്തരവാദിത്തം പൂർത്തീകരിക്കാൻ പ്രവാചകന്മാർക്ക് സാധിക്കുകയില്ല. അതിനാലാണ് ഫറവോൻെറ അടുത്തേക്ക് തന്നെ പ്രവാചകനായി നിയോഗിച്ചപ്പോൾ പ്രവാചകൻ മൂസാ ഇപ്രകാരം പ്രാർഥിച്ചത്: "നാഥാ, എൻെറ മാറിടം നീ വിശാലമാക്കിത്തരേണമേ."

മാറിടം വിശാലമാക്കുകയെന്നതുകൊണ്ടർഥമാക്കുന്ന കാര്യങ്ങളിൽ പ്രധാനം ഇതാണ്: ഒരു കാര്യത്തെ യഥാവിധം ഉൾക്കൊള്ളുവാനും അതിനെ അംഗീകരിക്കുവാനും സന്നദ്ധനാകുക. അതിനനുസരിച്ച് ജീവിക്കാൻ സന്നദ്ധനാകുക. അതിൻെറ പ്രചാരണം ഒരു ബാധ്യതയായി ഏറ്റെടുക്കാൻ മുൻപോട്ട് വരിക. അതിൻെറ പേരിൽ ഉണ്ടാകുന്ന പ്രയാസങ്ങളെ സഹിക്കാൻ തയാറാകുക. ഈ അർഥങ്ങളിലൊക്കെ ഒരു കാര്യത്തോട് ഹൃദയാഭിമുഖ്യം പുലർത്തുന്നതിനെയാണ് ഹൃദയവിശാലത എന്നു പറയുന്നത്.

പ്രവാചകനോട് അല്ലാഹു ഹൃദയവിശാലതയെക്കുറിച്ച് പറഞ്ഞതാകട്ടെ, ഈ ഉത്തരവാദിത്തം ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ആവശ്യമായ ധൈര്യവും സ്ഥൈര്യവും നല്കുകയും കൃത്യനിർവഹണം എളുപ്പമാക്കുകയും അത് വിജയിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ സംവിധാനിക്കുകയും ചെയ്തു എന്ന അർഥത്തിലാണ്.

മറ്റൊരു കാര്യം കൂടി ഇവിടെ ഓർക്കുന്നത് നന്നായിരിക്കും. മുഹമ്മദ് നബിയെ സംബന്ധിച്ചിടത്തോളം പ്രവാചകത്വത്തിനു മുമ്പുള്ള ജീവിതം സന്മാർഗം ഏതെന്നറിയാത്ത അവസ്ഥയോടു കൂടിയതായിരുന്നു. ബിംബാരാധനയും ജൂത-ക്രൈസ്തവ മതങ്ങളുടെ നേർവഴി വിട്ട രൂപങ്ങളുമായിരുന്നു നിലവിലുണ്ടായിരുന്നത്. നാട്ടാചാരങ്ങളാകട്ടെ തീർത്തും വഴികേടായിരുന്നു. അവയൊന്നും നല്ലതല്ല എന്ന ചിന്ത ആദ്യകാലം മുതൽ തന്നെ നബിക്ക് ഉണ്ടായിരുന്നു. അവയൊക്കെ തെറ്റാണെന്ന തിരിച്ചറിവ് അദ്ദേഹത്തിൽ വളരുകയും സത്യം എന്തെന്ന ചിന്ത അദ്ദേഹത്തിൻെറ മനസ്സിൽ വളർന്നുവരികയും ചെയ്തു. ഈ അന്വേഷണത്വര സത്യം ആഗതമായപ്പോൾ അതിനെ ഏറ്റെടുക്കാൻ അദ്ദേഹത്തിന് ഊർജസ്വലനാക്കി. അതിനെ യഥാവിധം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹത്തിന് ഒട്ടും പ്രയാസം തോന്നിയില്ല. അക്കാര്യത്തിലുണ്ടായ പ്രതിബന്ധങ്ങളും പ്രയാസങ്ങളും സഹിക്കുന്നതിനും അദ്ദേഹത്തിന് വിഷമം ഉണ്ടായില്ല.

---

وَوَضَعْنَا عَنْكَ وِزْرَكَ(٢) الَّذِي أَنْقَضَ ظَهْرَكَ(٣) *വവദഅ്നാ അൻക വസ്റക്, അല്ലദീ അൻകദ ളഹ്റക്*

*നിൻെറ മുതുകിനെ ഞെരിച്ചുകൊണ്ടിരുന്ന ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു.*

---

ഭാരം കൊണ്ട് ഉദ്ദേശിക്കുന്നത് പ്രവാചകത്വത്തിനു മുമ്പ് തിരുനബിയിൽനിന്ന് സംഭവിച്ച പാപങ്ങളാകുന്നു എന്നത്രെ അധിക ഖുർആൻ വ്യാഖ്യാതാക്കളും സൂചിപ്പിച്ചിട്ടുള്ളത്. മുതുകിനെ ഞെരിച്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതാകട്ടെ, പ്രസ്തുത

പാപങ്ങളെ സംബന്ധിച്ച് തിരുനബിക്കുണ്ടായിരുന്ന ആശങ്കയും വേവലാതിയുമാണെന്നാണ് അവരുടെ വിലയിരുത്തൽ. അതത്രയും തിരുനബിക്ക് പൊറുത്തുകൊടുത്താണത്രെ ഇറക്കിവെച്ചു എന്ന വാക്ക് സൂചിപ്പിക്കുന്നത്.

അതേയവസരം തനിക്ക് ചുറ്റുമുണ്ടായിരുന്ന സമൂഹത്തിൻെറ ജീവിതശൈലിയും ബിംബാരാധനയും അദ്ദേഹത്തിലുണ്ടാക്കിയ പ്രയാസങ്ങളെയാണ് ഭാരം കൊണ്ട് അർഥമാക്കുന്നതെന്ന് വിലയിരുത്തിയവരും ഉണ്ട്. എന്നാൽ സന്മാർഗമാകുന്ന ദിവ്യസഹായത്തിലൂടെ അത് അദ്ദേഹത്തിൽനിന്ന് എടുത്തുമാറ്റി എന്നാണ് ഇറക്കിവെക്കുകയും ചെയ്തു എന്നതുകൊണ്ട് അർഥമാക്കുന്നത് എന്നും അവർ വിശദീകരിക്കുന്നു.

ഒന്നാമത്തെ വിശദീകരണമാണ് അധിക ഖുർആൻ പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത്. അവയെ നിരൂപണം ചെയ്യാൻ മുതിരുകയല്ല. എന്നാൽ പ്രവാചകത്വത്തിന് മുമ്പ് പ്രവാചകനിൽനിന്ന് എന്തെങ്കിലും തരത്തിലുള്ള പാപം സംഭവിച്ചതായി കാണുന്നില്ല. ചരിത്രസാക്ഷ്യവും അതിന് അനുകൂലമല്ല. മാത്രവുമല്ല, അൽഅമീൻ എന്ന് ജനം അദ്ദേഹത്തെ വിളിച്ചതും പ്രസ്തുത പാപസുരക്ഷയിലേക്കാണ് വിരൽചൂണ്ടുന്നത്.

ഈ വചനത്തെ സംബന്ധിച്ച് കൂടുതൽ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അതേയവസരം പ്രവാചകത്വമാകുന്ന മഹാ ഉത്തരവാദിത്തം ഏറ്റെടുക്കാനും അത് യഥാവിധം നിർവഹിക്കാനും പര്യാപ്തമായ ആത്മീയസാഹചര്യം അല്ലാഹു അദ്ദേഹത്തിന് നല്കി അനുഗ്രഹിച്ചു എന്നു നാം മനസ്സിലാക്കുക.

---

*وَرَفَعْنَا لَكَ ذِكْرَكَ(٤) വറഫഅ്നാ ലക ദിക്റക്*

*നാം നിൻെറ യശസ്സിനെ നിനക്ക് ഉയർത്തിത്തരികയും ചെയ്തു.*

---

അല്ലാഹു തന്നിൽ അർപ്പിച്ച ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ ആരും സഹായിക്കാനില്ലാതെ സമൂഹത്തിനു മുമ്പിൽ ദൗത്യവുമായി തനിച്ച് എഴുന്നേറ്റ് നിന്ന പ്രവാചകന് എത്രമാത്രം വിജയിക്കാൻ കഴിയുമെന്ന് ചിലരെങ്കിലും ആശങ്കിച്ചിരിക്കാം. സാഹചര്യവും അവസ്ഥകളും അത്രമാത്രം പ്രതികൂലമായിരുന്നു. എതിർപ്പുകൾ അത്രമാത്രം ശക്തമായിരുന്നു. പ്രതിയോഗികളും അവരുടെ തന്ത്രവും അത്രക്കും ശക്തമായിരുന്നു. എന്നാൽ ശത്രുക്കളിലൂടെ തന്നെ അല്ലാഹു അദ്ദേഹത്തിന് അനുകൂലമായ സാഹചര്യം മക്കയിൽ സൃഷ്ടിച്ചെടുത്തു. ശത്രുക്കൾ അദ്ദേഹത്തെക്കുറിച്ച് എത്രമാത്രം ഏഷണി പ്രചരിപ്പിച്ചുവോ അത്രമാത്രം അദ്ദേഹത്തെ കേൾക്കാനുള്ള ത്വരവും ജനത്തിൽ വളർന്നുവന്നു. അറേബ്യയുടെ നാനാഭാഗങ്ങളിൽനിന്നും സംഘമായി ആളുകൾ അദ്ദേഹത്തെ സമീപിച്ചു വിശ്വാസികളായി. ഏതാനും വർഷങ്ങൾ കൊണ്ട് പ്രവാചകൻ അറേബ്യയുടെയും ലോകത്തിൻെറയും നേതാവായി വളർന്നു. ഇത്രവേഗത്തിൽ മനുഷ്യമനസ്സുകളെ കീഴടക്കിയ പ്രിയങ്കരനായ ഒരു നേതാവും ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇന്ന് അദ്ദേഹത്തെ ഓർക്കാത്ത കാലവും ലോകവും നിലവിലില്ല. വിശ്വാസികൾ അവരുടെ പ്രാർഥനകളിൽ നിർബന്ധമായും സ്മരിക്കുന്ന ഒരവസ്ഥയിലേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. ഈ പ്രശസ്തിയും അനുസ്മരണവും മുഴുലോകത്തും ഓരോ നിമിഷവും സംഭവിക്കുന്നുവെന്നതാണ് വിസ്മയം. അതിന് നിമിത്തമാകട്ടെ, അല്ലാഹുവിൻെറ നാമം സ്മരിക്കുന്നതോടൊപ്പം തന്നെ അദ്ദേഹത്തിൻെറ നാമവും സ്മരിക്കപ്പെടാനുള്ള സാഹചര്യം അല്ലാഹു സൃഷ്ടിച്ചു എന്നതാണ്.

---

*فَإِنَّ مَعَ الْعُسْرِ يُسْرًا(٥) إِنَّ مَعَ الْعُسْرِ يُسْرًا(٦) ഫഇന്ന മഅൽ ഉസ്റി യുസ്റാ, ഇന്ന മഅൽ ഉസ്രി യുസ്റാ*

*അതിനാൽ, തീർച്ചയായും ഞെരുക്കത്തോടൊപ്പം ആശ്വാസമുണ്ട്. അതെ, നിശ്ചയം, പ്രയാസത്തോടൊപ്പമാണ് ആശ്വാസം.*

---

പ്രവാചകത്വദൗത്യത്തിൻെറ പേരിൽ പ്രവാചകൻ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ച് അദ്ദേഹത്തോട് പറയുന്നു, ഈ പ്രയാസങ്ങൾ ശാശ്വതമല്ല, അത്

താല്ക്കാലികമാണ്. ഈ പ്രയാസത്തോടൊപ്പം എളുപ്പത്തിൻെറയും സൗഖ്യത്തിൻെറയും സാഹചര്യം സംജാതമാകും. ഇക്കാര്യം രണ്ട് പ്രാവശ്യം ആവർത്തിച്ചുപറയുന്നതിലൂടെ അദ്ദേഹത്തിൻെറ മനസ്സിൽ അക്കാര്യം കൂടുതൽ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്.

---

فَإِذَا فَرَغْتَ فَانْصَبْ(٧) وَإِلَى رَبِّكَ فَارْغَبْ(٨) *ഫഇദാ ഫറഅ്ത ഫൻസ്വബ്, വഇലാ റബ്ബിക ഫർഗബ്*

***അതിനാൽ, നീ വിരമിച്ചാൽ ആരാധനാനിമഗ്നനാകുക, നിൻെറ നാഥനിൽ മാത്രം പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക.***

---

ആരാധനകളിൽനിന്നും മറ്റു പ്രവർത്തനങ്ങളിൽനിന്നും വിരമിച്ചാൽ അല്ലാഹുവിലേക്ക് കൂടുതൽ സമീപസ്ഥനാകുന്ന രാത്രി നമസ്കാരം, പ്രാർഥന പോലുള്ള കാര്യങ്ങളിൽ മുഴുകി അല്ലാഹുവിൻെറ സാമീപ്യവും അവൻെറ കാരുണ്യവും പ്രതീക്ഷിക്കുക എന്നത്രെ പ്രവാചകനോടുള്ള നിർദ്ദേശം. അതത്രെ അല്ലാഹുവിൻെറ സാമീപ്യം നേടാനുള്ള പോംവഴി.